**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2760** **13-12-2022 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | സംരംഭക വർഷവുമായി ബന്ധപ്പെട്ട് തിരൂർ നിയോജക മണ്ഡലത്തിൽ 698 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു. 51.27 കോടിയുടെ നിക്ഷേപവും 1693 തൊഴിലവസരങ്ങളുമുണ്ടായി. കൂടാതെ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി, സംരംഭക സാഹായ പദ്ധതി, പി.എം.എഫ്.എം.ഇ, മാർജിൻ മണി ഗ്രാൻഡ് ടു നാനോ യൂണിറ്റ്സ് എന്നീ പദ്ധതികൾ വഴി വായ്പ ലഭ്യമാക്കി പുതിയ സംരംഭങ്ങൾ തുടങ്ങുവാനും സബ്സിഡി ലഭ്യമാക്കാനുമുള്ള സൗകര്യങ്ങൾ ചെയ്തു വരുന്നുണ്ട്. ഇതിനായുള്ള കൈത്താങ്ങ് സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിനായി വ്യവസായ വികസന ഓഫീസർമാരുടെ സേവനം എല്ലാ ബ്ലോക്കുളിലും മുനിസിപ്പാലിറ്റികളിലും ലഭ്യമാണ്. കൂടാതെ തിങ്കൾ, ബുധൻ ദിവസങ്ങളിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇന്റേൺസിന്റെ മേൽ നോട്ടത്തിൽ വ്യവസായ വകുപ്പിന്റെ ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ച് വരുന്നു. ഇതോടൊപ്പം സംരംഭകർക്ക് പരിശീലനം നൽകുന്നതിനായി എല്ലാ താലൂക്കുകളിലും സംരംഭകത്വ വികസന പരിപാടികൾ നടന്നു വരുന്നു. സംരംഭകർക്ക് കൈത്താങ്ങ് സഹായം നൽകുന്നതിനായി എല്ലാ താലൂക്കുകളിലും റിസോഴ്സ് പേഴ്സൺസിനെ നിയമിക്കുകയും താലൂക്കുകൾ ഫെസിലിറ്റേഷൻ സെന്ററുകളായി പ്രവർത്തിക്കുകയും ചെയ്യുന്നു. |
| (ബി) | പ്രവാസികൾ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | വ്യവസായ വാണിജ്യ വകുപ്പ് നടത്തുന്ന സംരംഭ അവബോധന സെമിനാറുകളിൽ പ്രവാസികളെ പ്രത്യേകം പങ്കെടുപ്പിക്കാറുണ്ട്. മാനേജീരിയൽ, സാങ്കേതിക, പരിശീലനങ്ങൾ പ്രവാസികളെ ഉൾപ്പെടുത്തി നടത്തുകയും അത് വഴി സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ ശേഷി ഉണ്ടാകുകയും ചെയ്യുന്നുണ്ട്. വായ്പ ലഭിക്കുന്നത് |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി വായ്പ ബന്ധിത സബ്സിഡി സ്കീം വഴി പ്രവാസികളെ കൊണ്ട് അപേക്ഷിപ്പിക്കുകയാണ് ചെയ്യുന്നത്. അത് വഴി പ്രവാസി സംരംഭകൻ എടുക്കുന്ന സ്ഥിര ആസ്തി വായ്പക്കും പ്രവർത്തന മൂലധന വായ്പ്പയ്ക്കും സബ്സിഡി ലഭിക്കുന്ന സാഹചര്യം ഉണ്ട്. എന്റർപ്രണർ സപ്പോർട്ട് സ്കീം എന്ന പദ്ധതി മുഖേന അപേക്ഷിക്കുന്നവരിൽ പ്രവാസികൾക്ക് പ്രത്യേകമായി 10% അധികം പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡി അനുവദിക്കുന്നു. നോർക്കയുടെ പദ്ധതി വഴി അപേക്ഷിക്കുന്ന പ്രവാസികൾക്കും വായ്പ ബന്ധിത സബ്സിഡിയും, പലിശ സബ്സിഡിയും ആവശ്യമായ പരിശീലനവും ലഭിക്കുവാനുള്ള സാഹചര്യം ഉണ്ട്.<br><br>പ്രവാസികൾ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ ലഭ്യമാക്കുന്നതിനും വേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖ്യമന്ത്രിയുടെ പ്രത്യേക സാമ്പത്തിക സഹായ പദ്ധതി എന്ന പേരിൽ ഒരു പ്രത്യേക വായ്പ പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ